# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.3 — 09.03.2015-ൽ മറുപടിക്ക്

## ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

ചോദ്യം — ഉത്തരം

| | | | |
|---|---|---|---|
| | ശ്രീമതി.ഗീതാ ഗോപി<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ തൊഴിൽരഹിതരാകുന്ന മത്സ്യ തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും സംബന്ധിച്ച് സ്ഥിതി വിവരകണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം വരുമെന്ന് വ്യക്തമാക്കുമോ ; | (എ) | ഡോ. മീനാകുമാരി കമ്മറ്റി റിപ്പോർട്ട് നടപ്പാക്കുകയാണെങ്കിൽ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും സംബന്ധിച്ച് സ്ഥിതി വിവരക്കണക്ക് എടുത്തിട്ടില്ല. കേരളത്തിൽ 2,33,000 ആക്ടീവ് ഫിഷർമെന്നും 76,500 അനുബന്ധത്തൊഴിലാളികളും ഉണ്ട്. റിപ്പോർട്ട് നടപ്പാക്കുകയാണെങ്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാപേരെയും ബാധിക്കും. |
| (ബി) | വിദേശയാനങ്ങൾക്കൊപ്പം സംയുക്ത സംരംഭകർക്കും റിപ്പോർട്ടിൽ അനുമതി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംയുക്ത സംരംഭകർക്കാണ് അനുമതി ഉള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള മതിയായ സാങ്കേതിക വിദ്യയും, മത്സ്യബന്ധനയാനങ്ങൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളും, പരിശീലനം സിദ്ധിച്ച മത്സ്യത്തൊഴിലാളികളും ഇന്ത്യക്ക് ഇല്ല എന്ന് കമ്മിറ്റി കണ്ടെത്തുകയും ആയതിനാൽ സംയുക്ത സംരംഭത്തിലൂടെയോ അല്ലാതെയോ (either joint venture or leasing) വിദേശ രാജ്യങ്ങളുമായി സഹകരിച്ച് പ്രസ്തുത സൗകര്യങ്ങളും പരിശീലനവും സിദ്ധിച്ച വിദേശ തൊഴിലാളികളെയും ലഭ്യമാക്കി ആഴക്കടലിലെ മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. 51% കുറയാതെയുള്ള ഇന്ത്യൻ ഇക്വിറ്റിയുള്ള Joint Venture ആണ് കേന്ദ്ര സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | തൊഴിൽരഹിതരാകുന്ന മത്സ്യ-അനുബന്ധതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ചാലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (സി) | തൊഴിൽരഹിതരാകുന്ന മത്സ്യഅനുബന്ധ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. മീനാകുമാരി കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ പാടില്ല എന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

Jeyasree

സെക്ഷൻ ഓഫീസർ